# പ്രേതവലകളും സമുദ്രപരിസ്ഥിതി പ്രതിഫലനങ്ങളും













കടലിൽ നഷ്ടപ്പെട്ടതോ ഉപേക്ഷിക്കപ്പെട്ടതോ വലിച്ചെറിയപ്പെട്ടതോ ആയ മത്സ്യബന്ധന വലകളാണ് പ്രേതവലകൾ. ഇവ എ. എൽ. ഡി. എഫ്. ജി. എന്നറിയപ്പെടുന്ന വിശാലമായ വിഭാഗത്തിന്റെ ഭാഗമാണ്.

- **സമുദ്രജീവികളുടെ ജീവഹാനി:** കടലിൽ ഉപേക്ഷിക്കപ്പെട്ട പ്രേതവലകളിൽ സമുദ്ര ജീവികൾ കുടുങ്ങാനും ജീവഹാനി സംഭവിക്കാനുമുള്ള സാധ്യത കൂടുതലാണ് .

- **നിരന്തര പ്രേത മത്സ്യബന്ധനം:** പ്രേത വലകളാൽ സമുദ്ര ജീവികൾ നിരന്തരം പിടിക്കപ്പെടുന്നു.

- **ആവാസ വ്യവസ്ഥകളുടെ നശീകരണം:** പ്രേതവലകളുടെ സാന്നിധ്യം പവിഴപ്പുറ്റുകൾ ഉൾപ്പെടെയുള്ള ലോല ആവാസ വ്യവസ്ഥകൾക്ക് വലിയ ഭീഷണിയുയർത്തുകയും അവയുടെ സന്തുലിതാവസ്ഥയെ തകരാറിലാക്കുകയും ചെയ്യുന്നു.

- **പ്ലാസ്റ്റിക് മലിനീകരണം:** നൈലോൺ പോലുള്ള പ്ലാസ്റ്റിക്കുകൾ കൊണ്ട് നിർമ്മിച്ച പ്രേതവലകൾ സാവധാനം വിഘടിച്ച് മൈക്രോപ്ലാസ്റ്റിക്കുകളായി മാറുന്നു. പ്രേത വലകളിൽ മറ്റു പ്ലാസ്റ്റിക് അവശിഷ്ടങ്ങൾ കുരുങ്ങുന്നത് വലിയ മാലിന്യക്കൂമ്പാരങ്ങൾക്ക് കാരണമാകാറുണ്ട്.

- **ജൈവസാന്ദ്രീകരണം:** പ്രേതവലകളിൽ നിന്നുള്ള സൂക്ഷ്മ പ്ലാസ്റ്റിക് കണങ്ങൾ പ്ലവകങ്ങൾ, മത്സ്യം എന്നിവയിലൂടെ ആഹാരശൃംഖലയിൽ പ്രവേശിക്കുകയും ഒടുവിൽ മനുഷ്യരിലേക്ക് എത്തുകയും ചെയ്യുന്നു.

- **ജലഗതാഗത അപകടസാധ്യത:** വലിയ പ്രേതവലകൾ കടലിൽ ഒഴുകി നീങ്ങുന്നത് കപ്പലുകളുടെയും ബോട്ടുകളുടെയും ഗതാഗതത്തിന് വലിയ അപകടസാധ്യത ഉണ്ടാക്കുന്നു.

- **വിഷലിപ്ത രാസവസ്തുക്കളുടെ ഭീഷണി:** പ്ലാസ്റ്റിക് നശിച്ചു തുടങ്ങുമ്പോൾ, അതിൽ അടങ്ങിയ വിഷാംശമുള്ള രാസവസ്തുക്കൾ വെള്ളത്തിലേക്ക് കലർന്ന് സമുദ്രജലത്തെ മലിനീകരിക്കുന്നു.

- **വാഹകരായി പ്രവർത്തിക്കുന്നു:** പ്രേതവലകൾ ദോഷകരമായ സൂക്ഷ്മാണുക്കളുടെയും അധിനിവേശ ജീവിവർഗ്ഗങ്ങളുടെയും വാഹകരായി വർത്തിക്കുകയും അവ സമുദ്ര ആവാസവ്യവസ്ഥ കളിലുടനീളം എത്താൻ കാരണമാകുകയും ചെയ്യും.


**Prepared by,**

Dr. Asha P. S[1]., Dr. Surya S[1]., Dr. Santhosh B[1], Dr. Divya Viswambharan[1], Ms. Anila B[1]., Dr. Padua Shelton[1], Dr.Anuja A.R.[1], Dr. Anilkumar N[2]., Dr. Balakrishnan V[2]. and Ms. Aneesha B[2].


1. Vizhinjam Regional Centre of CMFRI, Thiruvananthapuram-695521, Kerala, India.
2. Kerala State Biodiversity Board, Thiruvabnanthapuram- 695003, Kerala, India.



**Published by,**

Dr Grinson George, Director, ICAR - Central Marine Fisheries Research Institute, Kochi-682 018, Kerala, India.

CMFRI Poster No: 168/2025


केन्द्रीय समुद्री मत्स्यिकी अनुसंधान संस्थान

[भारतीय कृषि अनुसंधान परिषद]

CENTRAL MARINE FISHERIES RESEARCH INSTITUTE

[INDIAN COUNCIL OF AGRICULTURAL RESEARCH]

Post Box No. 1603, Ernakulam North P.O., Kochi-682 018,